**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2123** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി മാഫിയയെ അമർച്ച ചെയ്യുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ | ശ്രീ. രമേശ് ചെന്നിത്തല |
| ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ | (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി) |
| ശ്രീ. സുജിത് വിജയൻപിള്ള | |
| ശ്രീ. കെ. എം. സച്ചിൻദേവ് | |
| ശ്രീമതി ഒ. എസ്. അംബിക | |

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ലഹരി മാഫിയ സംഘങ്ങളെ അമർച്ചചെയ്യാൻ എക്സൈസ് വകുപ്പുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഫലപ്രദമായ ഏകോപനത്തിനായി പോലീസ് വകുപ്പ്, എക്സൈസ് വകുപ്പുമായി സഹകരിച്ച് സംസ്ഥാന അതിർത്തികൾ, ചെക്ക്പോസ്റ്റുകൾ, തീരദേശ മേഖലകൾ, അന്തർസംസ്ഥാന ബസ്സുകൾ എന്നിവിടങ്ങളിൽ നിശ്ചിത ഇടവേളകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നുണ്ട്. ജില്ലാതല NCORD യോഗ ങ്ങളിൽ എക്സൈസ് വകുപ്പിന്റെ സജീവ പങ്കാളിത്തവും സഹകരണവും ഉറപ്പു വരുത്തുന്നു. മയക്കു മരുന്നിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യ വശ ങ്ങൾ സംബന്ധിച്ച് കുട്ടികളിലും പൊതു സമൂഹത്തിലും അവബോധം വർദ്ധിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെയും, സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളു ടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും 'ഉണർവ്', 'ഉദയം' എന്നീ പേരുകളിൽ വിവിധ ജില്ലകളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ലഹരിക്കടിമപ്പെട്ട വ്യക്തികളെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചു കൊണ്ടു വരുന്നതിനായി എക്സൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'വിമുക്തി' പദ്ധതിയുടെ സഹായത്തോടെ ചികിത്സ, പുനരധിവാസം, കൗൺസി ലിംഗ്, മെഡിക്കൽ സഹായം എന്നിവയും നൽകിവരുന്നുണ്ട്.

കൂടാതെ ലഹരി വ്യാപനം തടയുന്നതിന് റവന്യൂ, ഫോറസ്റ്റ്, മോട്ടോർ വാഹനം, തൊഴിൽ, ഭക്ഷ്യ സുരക്ഷ എന്നീ വകുപ്പുകളുമായി ചേർന്നും സംയുക്ത പരിശോധനകൾ നടത്തി വരുന്നുണ്ട്.

**(ബി)** 2016-21 വരെയും 2021-26 വരെയും ഇത്തരത്തിൽ നടത്തിയ തിരച്ചിലിൽ പിടിക്കപ്പെട്ടവരുടെ എണ്ണവും പിടിച്ചെടുത്ത ലഹരിവസ്തുക്കളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ലഹരി മാഫിയ സംഘ ങ്ങളെ അമർച്ച ചെയ്യാൻ എക്സൈസ് വകുപ്പുമായി ചേർന്ന് 25.05.2016 മുതൽ 19.05.2021 വരെയുള്ള കാലയളവിൽ 2032 പരിശോധനകൾ നടത്തിയിട്ടുണ്ട്. ആയ തിൽ ആരെയും പിടികൂടിയിട്ടില്ല. 20.05.2021 മുതൽ 28.01.2026 വരെയുള്ള

കാലയള വിൽ നടത്തിയ2604 പരിശോധനകളിൽ 29 പേരെ പിടികൂടുകയും, 27.517 കിലോഗ്രാം കഞ്ചാവ്, 101.409 ഗ്രാം MDMA, 37.3 ഗ്രാം മെത്താഫിറ്റമിൻ എന്നിവ പിടിച്ചെടുക്കുകയും ചെയ്തു.

**<u>2016 മുതൽ 2021 വരെ എക്സൈസ് പോലീസ് വകുപ്പുകൾ സംയുക്തമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്ത നങ്ങൾ ചുവടെ ചേർക്കുന്നു</u>.**

| ജില്ല | പരിശോധനകളുടെ എണ്ണം | പിടിക്കപ്പെട്ട പ്ര തികളുടെ എണ്ണം | അബ്കാരി കേസു കളുടെ എണ്ണം | NDPS കേസുകളുടെ എണ്ണം | തൊണ്ടി |
|---|---|---|---|---|---|
| തിരുവനന്തപുരം | 359 | 0 | 0 | 0 | 0 |
| കൊല്ലം | 300 | 1 | 1 | 0 | 450 Ltrs Wash |
| പത്തനംതിട്ട | 487 | 0 | 0 | 0 | 0 |
| ആലപ്പുഴ | 315 | 0 | 0 | 0 | 0 |
| കോട്ടയം | 380 | 0 | 0 | 0 | 0 |
| ഇടുക്കി | 403 | 0 | 0 | 0 | 0 |
| എറണാകുളം | 461 | 0 | 0 | 0 | 0 |
| തൃശ്ശൂർ | 228 | 0 | 0 | 0 | 0 |
| പാലക്കാട് | 468 | 0 | 0 | 0 | 0 |
| മലപ്പുറം | 128 | 12 | 8 | 4 | 1800 Ltr Wash, 700 Gms Ganja |
| കോഴിക്കോട് | 140 | 13 | 9 | 4 | 900 Ltrs Wash, 700 Gms Ganja |
| വയനാട് | 90 | 0 | 10 | 0 | 600 Ltrs Wash |
| കണ്ണൂർ | 179 | 0 | 4 | 0 | 100 Ltrs Arrack, 916 Ltrs Wash |
| കാസറഗോഡ് | 168 | 7 | 4 | 2 | 400 Ltrs Wash, 70 Gms Ganja |

ഈ കാലയളവിൽ നടത്തിയ പരിശോധനകളിൽ ആകെ 36 അബ്കാരി കേസുകളും, 10 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി കേസുകളിൽ ആകെ 33 വ്യക്തികളെ അറസ്റ്റ് ചെയ്തിട്ടുള്ള താണ്. ടി പരിശോധനകളിലായി ആകെ 5,066 ലീറ്റർ വാഷ്, 1.470 kgs ഗഞ്ചാവ്, 100 ലീറ്റർ ചാരായം എന്നിവ പിടിച്ചെടു ത്തിട്ടുണ്ട്.

2021 മുതൽ 2026 വരെ എക്സൈസ് പോലീസ് വകുപ്പുകൾ സംയുക്തമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തന ങ്ങൾ :-

| ജില്ല | പരിശോധനകളുടെ എണ്ണം | പിടിക്കപ്പെട്ട പ്ര തികളുടെ എണ്ണം | അബ്കാരി കേസു കളുടെ എണ്ണം | NDPS കേസുകളുടെ എണ്ണം | തൊണ്ടി |
|---|---|---|---|---|---|
| തിരുവനന്തപുരം | 501 | 3 | 1 | 1 | 9 Ltrs Tamilnadu Wine, 16.725 Kgs Ganja |
| കൊല്ലം | 308 | 0 | 0 | 1 | Ganja Plant – 1 No |
| പത്തനംതിട്ട | 545 | 10 | 8 | 2 | 1 Gm Ganja, 185 Gms THC Candy, 12 Ltrs Arrack, 952 Ltrs Wash |

| | | | | | |
|---|---|---|---|---|---|
| ആലപ്പുഴ | 440 | 1 | 0 | 1 | Ganja Plant 5 Nos |
| കോട്ടയം | 487 | 0 | 0 | 0 | 0 |
| ഇടുക്കി | 480 | 3 | 0 | 2 | 15 Gms Ganja, Ganja Plant-1 No |
| എറണാകുളം | 552 | 5 | 1 | 3 | 78 Ltrs IMFL, 2 Gms MDMA, 1 Gm Charas, 6 Gms Ganja |
| തൃശ്ശൂർ | 341 | 0 | 0 | 0 | 0 |
| പാലക്കാട് | 780 | 0 | 0 | 0 | 0 |
| മലപ്പുറം | 142 | 11 | 7 | 4 | 600 Ltrs Wash<br>60 gms Ganja |
| കോഴിക്കോട് | 128 | 9 | 6 | 3 | 700 Ltrs Wash,<br>900 Gms Ganja |
| വയനാട് | 112 | 0 | 6 | 1 | 300 Ltrs Wash, Ganja Plant – 1 No |
| കണ്ണൂർ | 311 | 0 | 0 | 0 | 0 |
| കാസറഗോഡ് | 148 | 0 | 1 | 1 | 900 Ltrs Wash, 2 Kgs Ganja |

ഈ കാലയളവിൽ നടത്തിയ പരിശോധനകളിൽ ആകെ 30 അബ്കാരി കേസുകളും 19 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി കേസുകളിൽ ആകെ 42 വ്യക്തികളെ അറസ്റ്റ് ചെയ്തിട്ടുള്ള താണ്. ടി പരിശോധനകളിലായി ആകെ 3452 ലീറ്റർ വാഷ്, 19.707 Kgs കഞ്ചാവ്, 8 കഞ്ചാവ് ചെടി, 12 ലീറ്റർ ചാരായം, 78 ലീറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, 9 ലീറ്റർ തമിഴ്നാട് വൈൻ, 185 ഗ്രാം THC Candy, 2 ഗ്രാം എം. ഡി.എം.എ., 1 ഗ്രാം ചരസ് എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

**(സി)** ഇതര സംസ്ഥാനത്തുനിന്നും ലഹരിവസ്തു സംസ്ഥാനത്തേയ്ക്ക് കടത്താൻ ശ്രമിച്ച എത്ര പേരെയാണ് ഈ കാലയളവിൽ പോലീസ് പിടികൂടിയതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** 25.05.2016 മുതൽ 19.05.2021 വരെയുള്ള കാലയളവിൽ ഇതര സംസ്ഥാനത്തു നിന്നും ലഹരി വസ്തുക്കൾ സംസ്ഥാനത്തേ യ്ക്ക് കടത്താൻ ശ്രമിച്ച 1369 പേരെയും, 20.05.2021 മുതൽ 28.01.2026 വരെയുള്ള കാലയളവിൽ 4178 പേരെയും പോലീസ് പിടികൂടിയിട്ടുണ്ട്.

**(ഡി)** ലഹരികടത്തുകാരെയും വിൽപ്പനക്കാരെയും ഉപഭോക്താക്കളെയും സംബന്ധിച്ച വിവരങ്ങൾ ഏതെല്ലാം സോഴ്സുകളിൽ നിന്നുമാണ് പോലീസിന് ലഭ്യമായതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതുജനങ്ങൾക്ക് മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങളും വിഷയങ്ങളും രഹസ്യമായി അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പരായ National Narcotics Help Line No. 1933-ഉം, ADGP L&O പ്രവർത്തിച്ചു വരുന്ന Anti-Narcotic Cell വിഭാഗത്തിന്റെ 9497979794, 9497927797 എന്നീ മൊബൈൽ നമ്പരുകളും, മയക്കു മരുന്നിന്റെ വിതരണവും ഉപയോഗവും വ്യാപനവും തടയുന്നതിനായി കേരള പോലീസ് വിവിധ വകുപ്പുകളുടെ സഹകരണ ത്തോടെ രൂപീകരിച്ച "യോദ്ധാവ്" പദ്ധതിയിലെ 99959 66666 എന്ന Whatsapp നമ്പരും, 24 x 7 ക്രമത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഹെൽപ്

ലൈൻ നമ്പരുകൾ കൂടാതെ ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന DANSAF (District Anti-Narcotics Special Action Force) യൂണിറ്റുകൾ വഴിയും ലഹരി കടത്തുകാരെയും വിൽപ്പനക്കാരെയും ഉപ ഭോക്താക്കളെയും സംബന്ധിച്ച വിവര ങ്ങൾ പോലീസിന് ലഭ്യമാകുന്നുണ്ട്.

**(ഇ)** വിവരങ്ങൾ നിർഭയം പോലീസിന് കൈമാറുന്നതിനും വിവരങ്ങൾ കൈമാറുന്നവർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ രഹസ്യ സ്വഭാവവും ജാഗ്രതയും നഷ്ടപ്പെടാത്തവിധം പദ്ധതികൾ തുടരാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

**മറുപടി:** ലഹരിക്കടത്തു സംബന്ധിച്ച രഹസ്യ വിവരങ്ങൾ കൈമാറുന്ന പൊതുജന ങ്ങളുടെ വ്യക്തിഗത വിവരങ്ങൾ വെളി പ്പെടാതെയിരിക്കുന്നതിന് നിലവിലുള്ള നിയമപരവും ഭരണഘടനാപരവുമായ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**